<u>പ്രസിദ്ധീകരണത്തിന്</u>

കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യുകൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് (മൂന്നുമാസം ട്രെയിനിങ് + മൂന്നു മാസം അപ്രെന്റിസ്ഷിപ്പ്) **01.04.2022 ൽ 35** വയസ്സിൽ താഴെ പ്രായമുള്ള അഗ്രികൾച്ചർ/ ബയോളജി /ബോട്ടണി വിഷയങ്ങളോടെ പ്ലസ്ടു / വി.എച്ച്.എസ്.ഇ. പാസായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിലവിലുള്ള സർക്കാർ സംവരണ വ്യവസ്ഥകൾ ഈ കോഴ്സിനും ബാധകമാണ്.

ഈ കോഴ്സിൽ തൊഴിൽ സാധ്യതയുള്ള/ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ടിഷ്യുകൾച്ചർ, നഴ്സറി മാനേജ്മെന്റ് എന്നിവയുടെ സാങ്കേതിക വിദ്യകളിൽ ഉള്ള പ്രായോഗിക പരിശീലനം നൽകുന്നു.

ഒരു ബാച്ചിൽ **20** പേർക്ക് മാത്രം പ്രവേശനം നൽകുന്ന കോഴ്സിന് ഫീസ് **4500/- രൂപ** (നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം **1500/- രൂപ** സ്റ്റൈപ്പൻഡോടു കൂടി മൂന്നുമാസത്തേക്ക് അപ്രെന്റിസ്ഷിപ്പ് ട്രെയിനിങ്ങും നൽകുന്നതാണ്.

അപേക്ഷഫോമും പ്രോസ്പെക്ടസും **20.09.2022** മുതൽ **01.10.2022** വരെ ഈ ഓഫീസിൽ നിന്നും രാവിലെ 10 മണി മുതൽ വൈകിട്ട് 4.30 മണി വരെ നേരിട്ട് ലഭിക്കുന്നതാണ്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: **03.10.2022 വൈകിട്ട് 5.00 മണി.**
തെരഞ്ഞെടുത്ത അപേക്ഷകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി: **07.10.2022.**

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:

**അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ,**
**ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറി കൾച്ചർ സെന്റർ,**
**കഴക്കൂട്ടം, തിരുവനന്തപുരം - 695582**
**ഫോൺ 0471-2413739.**
**Mob: 9383470293, 9383470294**.
E-mail: <u>bmfctvm@yahoo.co.in</u>

BIOTECHNOLOGY AND MODEL FLORICULTURE CENTRE DEPARTMENT OF AGRICULTURE GOVERNMENT OF KERALA KAZHAKUTTOM, THIRUVANANTHAPURAM

ASSISTANT DIRECTOR OF AGRICULTURE
BIOTECHNOLOGY AND MODEL FLORICULTURE CENTRE
KAZHAKUTTOM, THIRUVANANTHAPURAM-695 582.